(സി) നിലവിലുള്ള ഒറ്റത്തവണ ഈടാക്കൽ വ്യവസ്ഥ പ്രകാരമുള്ള ഇളവുകൾ നൽകുന്നതിന് സംഘങ്ങൾക്ക് സഹായം നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) സാമ്പത്തിക മാന്ദ്യവും കാർഷിക തകർച്ചയും മൂലം വായ്പാ കുടിശ്ശിക വരുത്തിയ പാവപ്പെട്ടവർക്ക് ഒറ്റത്തവണ തീർപ്പ് പദ്ധതിയുടെ ഗുണം അനുഭവിക്കാൻ ഇതേവരെ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉദാരമായ വ്യവസ്ഥകളാണ് വൺ ടൈം സെറ്റിൽമെന്റ് പദ്ധതിയ്ക്ക് ഇപ്പോൾ നിലവിൽ ഉള്ളത്. ഇനിയും കൂടുതൽ ഉദാരമാക്കിയാൽ സഹകരണസംഘങ്ങളുടെ വായ്പാ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. അതിനാൽ നിലവിലുള്ള വ്യവസ്ഥകൾ ഉദാരമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ബി) നോൺ പെർഫോമൻസ് അസറ്റായി മാറിയ കുടിശ്ശിക വായ്പകളിൽ ഇപ്പോൾ കുറഞ്ഞ പലിശ ഈടാക്കിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ കണക്ക് അവസാനിപ്പിക്കുന്നത്. പലിശ പൂർണ്ണമായി ഒഴിവാക്കി വായ്പകൾ പിരിച്ചെടുക്കുന്നതിന് സംഘങ്ങൾക്ക് സർക്കാർ സഹായം നൽകാൻ തൽക്കാലം നിർവ്വാഹമില്ല.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡുകളുടെ പരിഷ്കരണം

*13 [243] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് നൽകുന്ന കാർഡുകളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ ചേർക്കുന്നതിനും പുതുക്കൽ സംബന്ധമായി കൂടുതൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും വേണ്ട സൗകര്യത്തോടെ നിലവിലുള്ള കാർഡുകൾ പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ പരിഷ്ക്കരണം നടപ്പാക്കുമ്പോൾ നിലവിലുള്ള അംഗത്വം പുതുക്കുന്ന എല്ലാവർക്കും പരിഷ്ക്കരിച്ച രീതിയിലുള്ള കാർഡുകൾ നൽകാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly